**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 199** **16-09-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | നിലവിൽ മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ 36% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പുരോഗതി മന്ദഗതിയിലായതിനാൽ കരാറുകാരനെ മാറ്റി പുതിയ സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്. 17.07.2025 ന് പുനരാരംഭിച്ച പ്രവൃത്തി 15 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | ടി ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ